# പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.192** **02/03/2020- ൽ മറുപടിയ്ക്ക്**

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

**ചോദ്യം**

**ശ്രീമതി.യു.പ്രതിഭ**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം ഉണ്ടാകണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി 11.12.2014-ലെ സ.ഉ.(സാധാ) നം.3966/14/ആകുവ, 01.11.2014-ലെ സ.ഉ.(സാധാ) നം.3556/14/ആകുവ എന്നിവ പ്രകാരം രൂപീകരിച്ചു. പ്രസ്തുത ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ പരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയപ്പോൾ, കേരള പബ്ലിക് ഹെൽത്ത് ബില്ലിലെ വിഷയം പൂർണ്ണമായും ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ നിലവിൽ ഉള്ളവയാണെന്നും കൂടാതെ 2006-ലെ ഫുഡ് സേഫ്റ്റി ആക്ട് ആരോഗ്യപരമായ ഭക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും മറ്റും വ്യക്തമാക്കിക്കൊണ്ടുള്ളതാണെന്നും കാണുകയുണ്ടായി. പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, ഫുഡ് സേഫ്റ്റി ആക്ട് എന്നീ ബൃഹത്തായ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ നിയമനിർമ്മാണം നടത്തുന്നതിന്റെ സാംഗത്യം പരിശോധിക്കേണ്ടതാണെന്നും മാത്രമല്ല |

| | | | |
|---|---|---|---|
| | | | പല സന്ദർഭങ്ങളിലും വ്യത്യസ്ത അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് ഇത് ഇടയാക്കും എന്നും നിയമവകുപ്പ് അഭിപ്രായപ്പെട്ടതിനെ തുടർന്ന് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്ററിലേയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സർക്കാർ തലത്തിൽ പലതവണ ചർച്ച നടത്തുകയും ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ കരടിൽ പരാമർശിക്കുന്ന അധികാരഘടനയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കൂട്ടിചേർത്തും ഇതുമായി യോജിച്ചുപോകാത്ത വ്യവസ്ഥകൾ ഒഴിവാക്കിയും കരടിൽ മാറ്റം വരുത്തി ആയത് പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ലഭ്യമായതിനുശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ